## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **14-01-2021 - ൽ മറുപടിയ്ക്ക്**

## വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോൺ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ ,<br>ഡോ. എൻ. ജയരാജ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ബഫർ സോൺ ഒരുക്കുന്നതിനുള്ള (ഇ.എസ്.ഇസഡ്) വിജ്ഞാപനവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇ.എസ്.ഇസഡ് പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കർഷകർക്ക് ചില ആശങ്കകൾ ഉണ്ടാകുകയും ചില സ്ഥലങ്ങളിൽ അത് പ്രത്യക്ഷ സമരങ്ങളായി പരിണമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇത്തരം ആശങ്കകൾ അടിസ്ഥാനമില്ലാത്തതാണ്. പാരിസ്ഥിതിക സംവേദകമേഖലയിൽ (ഇ.എസ്.ഇസഡ്)വാണിജ്യഖനനം, മരങ്ങൾ വെട്ടിമാറ്റുക, തടിമില്ലുകൾ സ്ഥാപിക്കുക, മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക എന്നിവയ്ക്കാണ് നിയന്ത്രണമുണ്ടാകുന്നത്. ടി പ്രദേശത്തെ ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ, മഴവെള്ളസംഭരണം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിന് നിർദ്ദേശമുള്ളതാണ്. പരിസ്ഥിതിമലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽ നിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം, വനനശീകരണം തടയൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ എന്നിവയാണ് പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ. പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതുമൂലം ടി മേഖലയിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുന്ന സാഹചര്യമുണ്ടാകാൻ സാദ്ധ്യതയില്ല. |
| (ബി) | നിലവിൽ ഏതെല്ലാം വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമാണ് ബഫർ സോൺ ഒരുക്കുന്നത്; പരിസ്ഥിതി ലോല മേഖലയായി മാറ്റുന്നതിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നെയ്യാർ-പേപ്പാറ, ശെന്തുരുണി, പെരിയാർ ടൈഗർ റിസർവ്വ്, ഇടുക്കി, തട്ടേക്കാട്, ഇരവികുളം, ചിന്നാർ, ആനമുടി ഷോല, കുറിഞ്ഞിമല, പാമ്പാടുംഷോല, മതികെട്ടാൻ ഷോല, മംഗളവനം, പിച്ചി-വാഴാനി, ചിമ്മിണി, ചൂലന്നൂർ, പറമ്പിക്കുളം, സൈലൻറ് വാലി, മലബാർ, വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമാണ് പാരിസ്ഥിതിക സംവേദക മേഖല |

| | | | |
|---|---|---|---|
| | | | (ഇ.എസ്.ഇസഡ്)രൂപീകരിക്കുന്നത്. ശെന്തുരുണി, ഇടുക്കി, മതികെട്ടാൻ ഷോല,മംഗളവനം, മലബാർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റം പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സങ്കേതങ്ങൾക്ക് ചുറ്റം ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കർഷകർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ് എന്ന് അറിയിക്കുമോ? | (സി) | ഇത് സംബന്ധിച്ച് കർഷകർക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾക്ക് പരിഹാരം കാണുന്നതിനായി 28.09.2020-ൽ യോഗം ചേരുകയും സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കു ചുറ്റം പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയെയും ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം ക്രേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെപരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന്, ശെന്തുരുണി, ഇടുക്കി, തട്ടേക്കാട്, പിച്ചി-വാഴാനി, ചൂലന്നൂർ, മലബാർ, ആറളം, കൊട്ടിയൂർ, എന്നീ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റം പാരിസ്ഥിതിക സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ